(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയ്ക്കായി 11123.07 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും, 543 കോടി രൂപ പുറമേ നിന്നുള്ള ഏജൻസികളുടെ വിഹിതമായും, 35.16 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിഹിതമായും, 7264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ നിർണ്ണായകമായ ന്യൂനതകൾ പരിഹരിക്കുന്നതിനായി 2013-14 -ൽ കാസർഗോഡ് പാക്കേജിനായി 25 കോടി രൂപ വകയിരുത്തുകയും 24.40 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2014-15-ൽ 75 കോടി രൂപ ഇതിലേക്കായി വകയിരുത്തിയിട്ടുണ്ട്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## വിജിലൻസ് അന്വേഷണവും പെൻഷൻ ആനുകൂല്യങ്ങളും

10 (3299) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽനിന്ന് വിരമിച്ച ഒരു ജീവനക്കാരന്റെപേരിൽ എഫ്.ഐ.ആർ. എടുത്ത് വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാറുണ്ടോ ; എങ്കിൽ ഏത് നിയമപ്രകാരമാണ് അങ്ങനെ ചെയ്യുന്നതെന്നറിയിക്കുമോ ;

(ബി) എത്രകാലം ഇങ്ങനെ തടഞ്ഞുവയ്ക്കാനാകും എന്നറിയിക്കുമോ ?

### ഉത്തരം

(എ&ബി) സർവ്വീസിൽനിന്നും വിരമിച്ച ഒരു ജീവനക്കാരന്റെ പേരിൽ എഫ്.ഐ.ആർ എടുത്തു വിജിലൻസ് അന്വേഷണം നടത്തുന്നുവെന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കാൻ കെ.എസ്.ആർ-ൽ വ്യവസ്ഥയില്ല.

## മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭിച്ച പരാതികൾ

11 (3300) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായി 31-5-2014 വരെ ലഭിച്ച പരാതികൾ എത്ര ;

(ബി) ലഭിച്ച പരാതികളിൽ അന്തിമ തീർപ്പുണ്ടായത് എത്ര ;

(സി) പരിശോധനയിൽ ഇരിക്കുന്നത് എത്ര ; വിശദാംശങ്ങൾ നൽകാമോ ?



LIBRARY ARCHIVES Kerala Legislative Assembly